LSGD

കേരള സർക്കാർ

"ഭരണഭാഷ-മാതൃഭാഷ"

**പ്രിൻസിപ്പൽ ഡയറക്ടറേറ്റ്**

**തദ്ദേശസ്വയംഭരണ വകുപ്പ്**
**സ്വരാജ് ഭവൻ, നന്തൻകോട്**
**കവടിയാർ പി.ഒ, തിരുവനന്തപുരം - 695003**
**ഫോൺ: 0471-2727255, 2314526**
**ഇ-മെയിൽ : pdlsgkerala@gmail.com**
**വെബ് സൈറ്റ്: www.principaldirectorate.lsgkerala.gov.in**

**ഡിബി5/11688/2021/സിഇ/എൽ.ഐ.ഡി &ഇ.ഡബ്ല്യൂ** **തീയതി. 31.05.2023**

# സർക്കുലർ

വിഷയം:- തസ്വഭവ - എൽ.ഐ.ഡി & ഇ.ഡബ്ല്യൂ - മൺസൂൺ മുന്നൊരുക്കങ്ങൾ - സംബന്ധിച്ച്

സൂചന:- ബഹു. കേരള മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ Kerala State Disaster Management Authority - യുടെ ആഭിമുഖ്യത്തിൽ 30.05.2023 - ൽ നടന്ന ഓൺലൈൻ മീറ്റിംഗ്

കേരളത്തിലെ മൺസൂൺ മുന്നൊരുക്കങ്ങളുടെ ഭാഗമായി സൂചന പ്രകാരം നടന്ന മീറ്റിംഗിൽ തദ്ദേശസ്ഥാപനങ്ങൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ ലഭ്യമായിട്ടുള്ളതാണ്. നീരൊഴുക്കിന് തടസ്സമായി തോടുകളിൽ താൽക്കാലിക ബണ്ടുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് നീക്കം ചെയ്യേണ്ടതാണ്. ഓടകൾ നീരൊഴുക്കിന് തടസ്സം വരാത്ത രീതിയിൽ വൃത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പുരോഗമിച്ചുകൊണ്ടിരിക്കുന്ന desilting പ്രവൃത്തികളും, റോഡ് മെയിന്റെനൻസ് പ്രവൃത്തികളും കാലവർഷം ആരംഭത്തിന് മുൻപ് തന്നെ പൂർത്തീകരിക്കേണ്ടതാണ്. നിർമ്മാണ സൈറ്റുകളിൽ വേണ്ടുന്ന സുരക്ഷ മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. സ്കൂൾ ഫിറ്റ്നസ് സമയബന്ധിതമായി, കൃത്യമായ പരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രം നൽകപ്പെടണം. തദ്ദേശസ്ഥാപനങ്ങളുടെ ആസ്തിയിൽ ഉൾപ്പെട്ടുവരുന്ന അപകടാവസ്ഥയിലുള്ള പാലങ്ങൾ, Culverts, Structures എന്നിവയുടെ സൈറ്റുകളിൽ നിർബന്ധമായും മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കേണ്ടതാണ്. തദ്ദേശസ്ഥാപനങ്ങളുടെ അധീനതയിലുള്ള ആരോഗ്യ സ്ഥാപനങ്ങളിലെ എല്ലാ civil structures ഉം അടിയന്തിര സാഹചര്യം നേരിടാൻ സജ്ജമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. തദ്ദേശസ്ഥാപനങ്ങളിലെ മൺസൂൺ മുന്നൊരുക്കങ്ങൾക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങളും നിർദ്ദേശങ്ങളും എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്ന് നൽകേണ്ടതാണ്.

**ചീഫ് എഞ്ചിനീയർ**